കോട്ടായി പ്രാഥമിക ആരോഗ്യകേന്ദ്രം

കോട്ടായി -പി.ഒ ,പാലക്കാട് ഇ-മെയിൽ ഐഡി:mophckottayi@gmail.com

## ലേല നോട്ടീസ്

കോട്ടായി പ്രാഥമികാരോഗ്യകേന്ദ്രത്തിന് കാലപ്പഴക്കം സംഭവിച്ചതിനാൽ ആയത് പൊളിച്ചുമാറ്റുന്നതിന് ആരോഗ്യവകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പഴയ കെട്ടിടത്തിന്റെ പരസ്യലേലം കോട്ടായി പ്രാഥമിക ആരോഗ്യകേന്ദ്രം ഓഫീസിൽ വെച്ച് **18/08/2025** -ന് രാവിലെ **11** മണിയ്ക്ക് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു .പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള ലൈസെൻസ് ഉള്ള വ്യക്തികൾ തിരിച്ചറിയൽ രേഖ സഹിതം ലേലത്തിൽ പങ്കെടുക്കേണ്ടതാണ് എന്നറിയിക്കുന്നു .

## ലേല നിബന്ധനകൾ

(1) ലേലം നടത്തുന്ന സമയത്തിന് അര മണിക്കൂർ മുമ്പ് ഹാജരാക്കേണ്ടതാണ് .

(2 )ലേലത്തിനുള്ള നിരതദ്രവ്യമായി 500 രൂപ (അഞ്ഞൂറു രൂപ മാത്രം ) അടവാക്കി ലേലത്തിൽ പങ്കെടുക്കേണ്ടതാണ് .ലേലം എടുക്കാത്തവർക്കു ടി നിരതദ്രവ്യം ലേല നടപടികൾ പൂർത്തീകരിച്ചാലുടൻ തിരികെ നൽകുന്നതാണ് .

(3)ലേലനടപടികൾ അവസാനിച്ചാലുടൻ ലേലം എടുക്കുന്ന വ്യക്തിക്ക് ലേലം താൽക്കാലികമായി അംഗീകരിച്ചു നൽകുന്നതാണ്.

(4)ലേലത്തുക കൂടാതെ 18% ജി.എസ്.ടി തുക കൂടി അടവാക്കേണ്ടതാണ്. .

(5)ലേലം പൂർത്തിയായാൽ ഉടൻ ലേലത്തുകയുടെ 50 % തുക (പകുതി തുക) അടയ്ക്കേണ്ടതാണ് .

(6)കോട്ടായി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടേയും കോട്ടായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനത്തിന് വിധേയമായി മാത്രമേ ലേലം സ്ഥിരപ്പെടുത്തുകയുള്ളൂ.

(7)ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിച്ചു പരമാവധി 7 ദിവസത്തിനുള്ളിൽ മുഴുവൻ ലേലത്തുകയും അടവാകേണ്ടതാണ്.

(8) ലേലം അംഗീകരിച്ച വ്യക്തി 200 രൂപ മുദ്രപത്രത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

(9) ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്നയാൾ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടി ലേല തുക ഇനിയൊരറിയിപ്പില്ലാതെ സർക്കാറിലേക്ക് മുതൽക്കൂട്ടുന്നതാണ്.

(10)ലേലം നിശ്ചയിക്കുന്ന തിയതി പൊതുഅവധിയാവുന്ന പക്ഷം പുതുക്കിയ തിയതി പിന്നീട് അറിയിക്കുന്നതാണ്.

(11)യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ തന്നെ ലേലത്തിയതി മാറ്റിവെയ്ക്കുകയാണെങ്കിൽ പുതിയ തിയതി പിന്നീട് അറിയിക്കുന്നതാണ്.

PRIMARY HEALTH CENTRE
DATE..........
KOTTAYI 678 572

1/8/25

Medical Officer
Primary Health Centre
Kottayi, Palakkad